**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **01-02-2024 - ൽ മറുപടിയ്ക്ക്**

**പള്ളിച്ചൽ വില്ലേജിൽ ഖാദിബോർഡിന്റെ അധീനതയിലുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ വില്ലേജിൽ ഖാദിബോർഡിന്റെ അധീനതയിലുള്ള 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത്; ആയതിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമി സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടയ്ക്കുന്നതിന് കളക്ടറുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4 -ൽ റീസർവ്വെ 151/2 ൽ ഉൾപ്പെട്ട 17.20 ആർ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും കരമൊടുക്കി നൽകുന്നതിനും ഖാദി ബോർഡിന്റെ പ്രോജക്ട് ഓഫീസർ വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി സ്ഥലം ഖാദി ബോർഡിന്റെ കൈവശത്തിൽ ഇല്ലാത്തതും ടി സ്ഥലത്ത് ഒരു അംഗൻവാടിയും 3 വീടുകളും സ്ഥിതി ചെയ്യുന്നുവെന്നും ടി സാഹചര്യത്തിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും നിർദ്ദേശം നൽകുന്നതിന് നെയ്യാറ്റിൻകര തഹസിൽദാർ (ഭൂരേഖ) ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിൻെറ അടിസ്ഥാനത്തിൽ ഖാദി ബോർഡ് പ്രോജക്ട് ഓഫീസർ, പള്ളിച്ചൽ വില്ലേജ് ഓഫീസർ, തഹസിൽദാർ (ഭൂരേഖ) നെയ്യാറ്റിൻകര എന്നിവരെ ഹിയറിംഗ് നടത്തുകയും, പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4 ൽ റിസർവ്വെ 151/2 ൽ ഉൾപ്പെട്ട 17.20 ആർ സ്ഥലം കൈവശമുള്ളവരുടെ/വീട് വെച്ച് താമസിക്കുന്നവരുടെ വിവരങ്ങൾ പള്ളിച്ചൽ വില്ലേജ് ഓഫീസർ ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി കക്ഷികളെ ഹിയറിംഗ് നടത്തി അവകാശ രേഖകൾ പരിശോധിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ